കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

വാർഷിക ബഡ്ജറ്റ് 2024 – 25

അവതരണം : ശ്രീമതി. ഷൈറിന.പി

(വൈസ് പ്രസിഡണ്ട് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,
കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്)



2024 ഫെബ്രുവരി 9
വെള്ളിയാഴ്ച
രാവിലെ 11 മണിക്ക്

മാന്യരെ,

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് ആണ് ഇന്ന് നിങ്ങൾക്ക് മുൻപാകെ അവതരിപ്പിക്കുന്നത്. ആമുഖ പ്രസംഗം നടത്തിയ ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി.ആർ.ഷീല അവർകൾ, വേദിയിലും സദസ്സിലും സന്നിഹിതരായിട്ടുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, ജീവനക്കാർ, മാധ്യമ സുഹൃത്തുക്കൾ തുടങ്ങി ഈ യോഗത്തിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന മുഴുവനാളുകളെയും ഹാർദ്രമായി സ്വാഗതം ചെയ്യുന്നു.

നവകേരള വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് കൃഷിക്കാരെയും, സംരംഭകരെയും, തൊഴിലാളികളെയും,മറ്റ് അടിസ്ഥാന ജനവിഭാഗങ്ങളെയും പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ ബഡ്ജറ്റ്. ലഭ്യമായ എല്ലാ വിഭവ സ്രോതസ്സുകളെയും, പരമാവധി പ്രയോജനപ്പെടുത്തി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേക്കും വികസന ക്ഷേമപ്രവർത്തനങ്ങൾ എത്തിക്കുവാനും അതുവഴി ഈ നാടിനെ മുന്നോട്ടു നയിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രാദേശികതലത്തിൽ പതിനാലാം പഞ്ചവത്സര കാലയളവിലേക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനമാണ് വിവിധ പ്രോജക്ടുകളിലൂടെ നാം നടത്തിക്കൊണ്ടിരിക്കുന്നത്. പരിമിതമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും മുൻപ് എന്നപോലെ എല്ലാവരുടെയും സഹകരണം ഇനിയും ഉണ്ടാവണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുൻഗണനകൾ

ലൈഫ് ഭവന പദ്ധതി സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും സ്വന്തമായി ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സ്വപ്ന പദ്ധതിയാണ് ലൈഫ്. സർക്കാർ ലക്ഷ്യം കൈവരിക്കുന്നതിന് ഭവന നിർമ്മാണ മേഖലയിൽ ജനറൽ വിഭാഗങ്ങൾക്ക് 58 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10,69,000/ ലക്ഷം രൂപയും, പട്ടികജാതി വിഭാഗങ്ങൾക്ക് 12 ലക്ഷം രൂപയും, കൂടി ആകെ 80,69,000/രൂപ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത്

വിഹിതമായി വകയിരുത്തുന്നു.

അതിദാരിദ്ര്യ നിർമാർജനം

ഭൂരഹിത ഭവന രഹിതരായ അതിദരിദ്ര്യ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതമായി ബ്ലോക്ക് പഞ്ചായത്ത് 6 ലക്ഷം രൂപ വകയിരുത്തുന്നു.

പ്രധാനമന്ത്രി ആവാസ് യോജന ((ഗ്രാമീൺ)

പ്രധാനമന്ത്രി ആവാസ് യോജന ((ഗ്രാമീൺ) പദ്ധതിയിൽ ആവാസ് പ്ലസ് ലിസ്റ്റിൽപ്പെട്ട പട്ടികവർഗ്ഗ,പട്ടികജാതി,ജനറൽ വിഭാഗങ്ങൾക്ക് 2024-25 വർഷം ടാർജറ്റ് ലഭ്യമാവുകയാണെങ്കിൽ പി.എം.എ.വൈ. ഭവനനിർമ്മാണത്തിന് 57,60,000 രൂപ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അഗതിരഹിത കേരളം

ആശ്രയ ഗുണഭോക്താക്കളുടെ ക്ഷേമത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 50,000/ രൂപ വകയിരുത്തുന്നു.

ഹാപ്പിനസ് പാർക്ക്

പ്രകൃതി മനോഹരവും സമാധാന പൂർണ്ണവുമായ ഇടങ്ങളിൽ ഒഴിവു സമയം ചെലവഴിക്കുന്നതിന് തൽപരരായവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്.ഭംഗിയും വൃത്തിയുമുള്ള പാർക്ക് താഴെപറയുന്നതടക്കമുള്ള സൌകര്യങ്ങളാണ് ഉണ്ടാക്കേണ്ടത്. ഇരിപ്പിടം, മറ്റ് വിനോദ ഉപാധികൾ, സെൽഫി കോർണ്ണർ, സ്നാക്സ് & ഡ്രിംഗ്സ് കോർണ്ണർ, മൊബൈൽ റീചാർജ്ജ് സംവിധാനം, വൈഫൈ, കുടിവെള്ളം, വൃത്തിയുള്ള ടോയ്ലറ്റ്, ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം, മാലിന്യ ശേഖരണ സംവിധാനം എന്നിവ ഉൾപ്പെടുന്ന ഹാപ്പിനസ്സ് പാർക്കുകൾ ഓരോ ഗ്രാമപഞ്ചായത്തിലും 2024-25 വർഷം സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ ലക്ഷ്യം മുൻനിർത്തി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടായി ഹാപ്പിനസ്സ് പാർക്കുകൾ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പരിധിയിലെ ഓരോ ഗ്രാമപഞ്ചായത്തിനും വിഹിതമായി 5 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ വകയിരുത്തുന്നു.

ഉൽപാദന മേഖല

പ്രാഥമിക ഉത്പാദന മേഖലകളായ കാർഷിക, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളെയും, മറ്റു സംരംഭങ്ങളുടെയും ഉൽപാദനക്ഷമത പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്.

നെൽകൃഷി കൂലി ചെലവ് സബ്സിഡി ഇനത്തിൽ ഒന്നും രണ്ടും വിളകൾക്കായി 3,40,000/രൂപയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് സുരക്ഷിതവും വിഷരഹിതവുമായ

പച്ചക്കറി കൃഷി വികസനത്തിന് 1,00,000/ രൂപയും, ചെറു ധാന്യ കൃഷി പ്രോത്സാഹനത്തിന് 2,40,000/ രൂപയും, മികച്ച നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും തൈ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് 1,80,000/ രൂപയും, നേന്ത്രവാഴ കൃഷി വ്യാപനത്തിന് ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി ഇനത്തിൽ 2,40,000/ രൂപയും, കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് വനിത കൂട്ടായ്മകൾക്ക് ധനസഹായത്തിനായി 6 ലക്ഷം രൂപയും, ഉൾപ്പെടെ കാർഷിക മേഖലയിൽ 18,80,000/ രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നു.

ക്ഷീരമേഖലയിൽ കർഷകരുടെ ഉന്നമനത്തിന് ഊന്നൽ നൽകിക്കൊണ്ട് ക്ഷീര സംഘത്തിൽ പാൽ നൽകുന്നവർക്ക് പാലിന് ഇൻസെന്റീവ് ഇനത്തിൽ 20 ലക്ഷം രൂപയും, ക്ഷീരകർഷകർക്ക് കൈത്താങ്ങായി കാലിത്തീറ്റ സബ്സിഡിയായി 20 ലക്ഷം രൂപയും, കൂടി ആകെ 40 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നു.

സംരംഭകത്വ വികസനം

ഉൽപാദന മേഖലയിൽ വനിത പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് പൊതു സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ജീവിത നിലവാരം ഉറപ്പാക്കുന്നതിനും സ്വയം തൊഴിൽ സംരംഭത്തിന് 16 ലക്ഷം രൂപ വകയിരുത്തുന്നു.

സേവനം

നവ മുകുളങ്ങളായ അംഗനവാടി കുട്ടികൾക്ക് ആരോഗ്യ പൂർണമായ അംഗനവാടി പോഷകാഹാര പദ്ധതിയിലൂടെ 10 ലക്ഷം രൂപയും, ശാരീരികവും വ്യത്യസ്തമായ വെല്ലുവിളികൾ നേരിടുന്നതും സമൂഹത്തിൽ ഏറെ ശ്രദ്ധ കൊടുക്കേണ്ട വിഭാഗങ്ങളുടെ ക്ഷേമത്തിനായി 34,60,000/ രൂപയും, ഭിന്നശേഷിക്കാരുടെ മാനസിക ഉല്ലാസത്തിനും അവരുടെ കഴിവ് പ്രകടിപ്പിക്കുന്നതിനുമായി ഭിന്നശേഷി കലാമേളയ്ക്കായി 75,000/ രൂപയും വകയിരുത്തുന്നു.

യുവജനങ്ങളുടെ കലാകായിക മേഖലകളിലെ കഴിവ് തെളിയിക്കുന്നതിന് കേരളോത്സവം പദ്ധതിയിൽ 2.50 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ച കലാകാരന്മാർ വിവിധ കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്നതിന് ഫെലോഷിപ്പ് നൽകുന്നതിന് 7.50 ലക്ഷം രൂപയും, തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപയും, സമ്പൂർണ്ണ സാക്ഷരത ജില്ല എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഡിജി കണ്ണൂർ പദ്ധതിക്ക് 2 ലക്ഷം രൂപയും, ആധുനിക ശാസ്ത്ര സാങ്കേതിക യുഗത്തിൽ ഓൺലൈൻ സോഫ്റ്റ്വെയറുകളുടെ

ുഗമമായ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി ഐ.കെ.എം വിഹിതമായി 44,163/ രൂപയും, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ഐഎഎവൈ കോളനി സാംസ്കാരിക ിലയത്തിന്റെ പൂർത്തീകരണത്തിന് 5,01,000/ രൂപയും വകയിരുത്തുന്നു.

അന്യം നിന്നുപോകുന്ന ജൈവവൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണത്തി നായി ജൈവവൈവിദ്ധ്യ രജിസ്റ്റർ, ഡോക്യുമെന്ററി എന്നിവ തയ്യാറാക്കുന്നതിന് 3 ലക്ഷം രൂപ വകയിരു ത്തുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ, സ്ഥായിയായ ആസ്തികളുടെ നിർമ്മാണം ഗ്രാമീണറോഡുകൾ വ്യക്തിഗത ആസ്തികളായ, കോഴിക്കൂട്, ആട്ടിൻകൂട്, കാലിത്തൊഴുത്ത്, അസോളടാങ്ക്, ഫാംപോണ്ട്, ശുചിത്വ മേഖലയിൽ കമ്പോസ്റ്റ് പിറ്റ്, സോക്കേജ് പിറ്റ്, കിണർ റീചാർജ്ജ്, തുടങ്ങിയ പദ്ധതികൾക്കായ് 2024-2025 വർഷത്തിൽ 33,93,49,000/ രൂപ വകയിരുത്തുന്നു.

ആരോഗ്യം

ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കുവാൻ പ്രാപ്തമാക്കുന്നതിന് പരിചരണവും, സംരക്ഷണവും നൽകുന്നതിനായി സ്വാന്ത്വന പരിചരണം പദ്ധതിയിലൂടെ 13 ലക്ഷം രൂപയും, യോഗാപരിശീലനത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്ന തിന് 2 ലക്ഷം രൂപയും, ലഹരിക്കെതിരെ പോരാടുന്നതിന് ഒപ്പം നിൽക്കുവാൻ 1 ലക്ഷം രൂപയും, എബിസി പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുവാൻ 2 ലക്ഷം രൂപയും വകയിരുത്തുന്നു.

വൈദ്യ ശുശ്രൂഷയും, പൊതുജനാരോഗ്യ മേഖലയ്ക്കുമായി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മദർ പി.എച്ച്.സി ചിറ്റാരിപറമ്പിനും പാട്യം സി.എച്ച്.സി ക്കും മരുന്ന് വാങ്ങുന്നതിന് 20 ലക്ഷം രൂപയും, ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, മറ്റു പാരാമെഡിക്കൽ സ്റ്റാഫുകളുടെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ നിയമനങ്ങൾ നടത്തുന്നതിന് 20,99,200/ രൂപയും കണ്ണൂർ ഫൈറ്റ് ക്യാൻസർ പദ്ധതിക്ക് 1 ലക്ഷം രൂപയും വകയിരുത്തുന്നു.

കുടിവെള്ളം

ത്യപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട്ട് മല മേഖലയിലെ കുടിവെള്ളം ക്ഷാമം പരിഹരിക്കുന്നതിന് 12,24,500/ രൂപയും, ചിറ്റാരിപറമ്പ് പഞ്ചായത്തിലെ കൊന്നോറ അംഗനവാടിയിൽ കുടിവെള്ള കിണർ നിർമ്മാണത്തിന് 10 ലക്ഷം രൂപയും, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ കണ്ടേരി സാമ്പ്രി അംഗനവാടിയിൽ

കുടിവെള്ള കിണർ നിർമ്മാണത്തിന് 5,35,000/ രൂപയും, മാങ്ങാട്ടിടം പി.എച്ച്.സി കണ്ടേരി സബ് സെന്ററിലെ കിണർ നിർമ്മാണത്തിന് 8,00,000/ രൂപയും കൂടി ആകെ 35,59,500/ രൂപ ധനകാര്യ കമ്മീഷൻ ഗ്രാൻസ് ടൈഡ് ഇനത്തിൽ കുടിവെള്ളമേഖലയിൽ വകയിരുത്തുന്നു.

ശുചിത്വം

ടേക്ക് എ ബ്രേക്ക് ഗ്രാമപഞ്ചത്തുകൾക്ക് വിഹിതം നൽകുവാൻ 10 ലക്ഷം രൂപയും, ഗ്രാമപഞ്ചായത്തുകൾക്ക് എം.സി.എഫ് വിപുലീകരണത്തിന് 16,59,500/ രൂപയും, ബ്ലോക്ക് ആർ..ആർ.എഫ് സെന്ററിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് 7 ലക്ഷം രൂപയും, ബ്ലോക്ക് ആർ. ആർ.എഫ് കേന്ദ്രത്തിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയും കൂടി ആകെ 35,59,500/ രൂപ ധനകാര്യ കമ്മീഷൻ ടൈഡ് ഇനത്തിൽ ശുചിത്വ മേഖലയിൽ വകയിരുത്തുന്നു.

പശ്ചാത്തലം

റോഡ് ഗതാഗത സൌകര്യം മെച്ചപ്പെടുത്തുന്നതിന് കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമീണ റോഡ് നിർമ്മാണവും പുനരുദ്ധാരണത്തിനുമായി ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ ഇരട്ട കുളങ്ങര വലിയവെളിച്ചം റോഡ് ടാറിംഗിന് 10 ലക്ഷം രുപയും, കുന്നോത്തുപറമ്പ് പഞ്ചായത്ത് സർവ്വീസ് സ്റ്റേഷൻ വാഴയിൽ കണ്ടി റോഡ് റീ ടാറിംഗിന് 10 ലക്ഷം രൂപയും, തൃപ്രങ്ങോട്ടൂർ പഞ്ചായത്ത് അയ്യനമുക്ക് പയ്യട റോഡ് റീ ടാറിംഗ് 10 ലക്ഷം രൂപയും മൈതാനപള്ളി എ.ആർ.ഡി റോഡ് റീ ടാറിംഗ് (കോട്ടയം പഞ്ചായത്ത്) 5 ലക്ഷം രൂപയും, മൌവ്വേരി അടിയാമ്പ്രം ചാല റോഡ് റീ ടാറിംഗ് (കോട്ടയം ഗ്രാമപഞ്ചായത്ത്) 5 ലക്ഷം രൂപയും, പാട്യം ഗ്രാമപഞ്ചായത്തിലെ താനിയന്റെ കീഴിൽ കുളത്തുപറമ്പ് റോഡ് റീ ടാറിംഗിന് 5 ലക്ഷം രൂപയും, ആലക്കണ്ടി മുതൽ കൊളപ്രത്ത് വയൽറോഡ് റീ ടാറിംഗിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു.

ആസ്തി സംരക്ഷണം

ഘടക സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കും, ദൈനംദിന പ്രവർത്തനങ്ങ ൾക്കും, അടിസ്ഥാന സൌകര്യ വികസനത്തിനുമായി 12 ലക്ഷം രൂപ വകയിരുത്തുന്നു. വെള്ളപ്പൊക്കം ദുരിതാശ്വാസം എം.പി മാരുടെ ആസ്തി വികസന പദ്ധതി ഇനത്തിൽ 2.85 ലക്ഷം വകയിരുത്തുന്നു. ഹോണറേറിയം, യാത്രബത്ത, ഓഫീസ് ചെലവുകൾ, പദ്ധതിയേതര ചെലവുകൾ ക്കായി 70,59,200/ രൂപ വകയിരുത്തുന്നു.

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് കരട് ബഡ്ജറ്റ് 2024-2025

1,87,80,619/ (ഒരു കോടി എൺപത്തി ഏഴു ലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റി പത്തൊൻപത് രൂപ) പ്രാരംഭ ബാക്കിയായി പ്രതീക്ഷിച്ചുകൊണ്ടാണ് 2024-2025 വർഷത്തെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന് 2024-2025 വർഷത്തിൽ 2034500/ രൂപയും (ഇരുപത് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ് രൂപ) നികുതിയേതര വരുമാനവും പൊതു ആവശ്യ ഗ്രാൻറിനത്തിൽ 79,17,000/ രൂപയും (എഴുപത്തി ഒൻപത് ലക്ഷത്തി പതിനേഴായിരം രൂപ) പ്രതീക്ഷിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാറുകളിൽ നിന്നും ലഭിക്കുന്ന 43,54,29,000/ (നാൽപത്തി മൂന്നു കോടി അൻപത്തിനാല് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരം രുപയും) നിക്ഷേപങ്ങളും മൂൻകൂറായി ലഭിക്കുന്ന 82,10,000/ രൂപ (എൺപത്തി രണ്ട് ലക്ഷത്തി പതിനായിരം രുപ) യും കൂടി ആകെ 47,23,71,119/ രൂപ (നാൽപത്തി ഏഴുകോടി ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി നൂറ്റി പത്തൊൻപത് രൂപ) 202425 വർഷത്തിൽ വരവായി പ്രതീക്ഷിക്കുന്നു.

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് 70,59,200/ രൂപയും (എഴുപത് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുനൂറ് രുപ) പദ്ധതി ചെലവുകൾക്ക് 4,25,78,000/ രൂപയും (നാലുകോടി ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി എട്ടായിരം രൂപ) മറ്റു വികസന പ്രവർത്തനങ്ങളുടെ ചെലവിനത്തിൽ 42,12,18,300/ രൂപയും (നാൽപത്തി രണ്ടുകോടി പന്ത്രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി മൂന്നൂറ് രൂപയും കൂടി 47,08,55,500/ (നാൽപത്തി എഴുകോടി എട്ട് ലക്ഷത്തി അൻപത്തി അഞ്ചായിരത്തി അഞ്ഞൂറ് രൂപ) ചെലവും 15,15,619/ രൂപ (പതിനഞ്ച് ലക്ഷത്തി പതിനഞ്ചായിരത്തി അറുനൂറ്റി പത്തൊൻപത് രൂപ) മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് ആണ് ഇവിടെ അവതരിഷിക്കുന്നത്.

വരവുകൾ

	ഹെഡ് ഓഫ് അക്കൌണ്ട്	ബഡറ്റ് എസ്റ്റിമേറ്റ് 2024-25
	ഭാഗം-1 - പഞ്ചായത്ത് ഫണ്ട്	
	റവന്യു അക്കൗണ്ട് -വരവ്	
	നികുതിയേതര വരവുകൾ	
0049	പലിശ വരവിനങ്ങൾ	8,04,500
800	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	6,00,000
69	ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരവ്	30,000
68	പിഴപ്പലിശ റവന്യൂ റിക്കവറി ഉൾപ്പെടെ	
	ആകെ 0049	**14,34,500**
0202	വിദ്യാഭ്യാസം, കായികം, വിനോദം, കല, സംസ്കാരം	
3	കായിക വിനോദവും മറ്റ് യുവജന സർവ്വീസുകളും കേരളോത്സവം	1,00,000
	ഗ്രാമീണ പ്രാവർത്തിക സാക്ഷരതാ പ്രവർത്തനം	
	ആകെ - 0202	**1,00,000**
0401	ധാന്യ വിളകൾ	
104	കൃഷി തോട്ടങ്ങളിൽ നിന്നുള്ള വരവ്	
	ആകെ-0401	
0515	മറ്റ് ഗ്രാമ വികസന പരിപാടികൾ	
66	പിഴ, കണ്ടുകെട്ടൽ	
80	മറ്റിനങ്ങൾ	
800	മറ്റ് വരവുകൾ	5,00,000
25	ഫോറം വില, പകർപ്പ് ഫീസ് തുടങ്ങിയവ	
24	ലാപ്സായ ഡെപ്പോസിറ്റുകൾ	
80	മറ്റിനങ്ങൾ	
	ആകെ-0515	**5,00,000**
0851	ഗ്രാമ ചെറുകിട വ്യവസായങ്ങൾ	
101	വ്യവസായ എസ്റ്റേറ്റുകൾ	0
102	ചെറുകിട വ്യവാസായങ്ങൾ	
	ആകെ-0851	
	ആകെ നികുതിയേതര വരവുകൾ	**20,34,500**
	ആകെ റവന്യു വരവുകൾ	**20,34,500**

	ഗ്രാന്റ് ഇൻ എയ്ഡും കോൺട്രിബ്യൂഷനും	
##	**കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നുള്ള പ്ലാൻ ധനസഹായം**	
0 2	**കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്ലാൻ ഗ്രാന്റുകൾ**	
800	**മറ്റ് ഗ്രാന്റുകൾ**	15,00,000
95	സമ്പൂർണ്ണ ശുചിത്വ പദ്ധതി	1,20,70,000
96	എം പി എൽ എ ഡി എസ്	24,00,000
89	പി.എം.എ.വൈ. (ജി)	33,63,73,000
	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1,58,00,000
	പി എം ഇ വി കെ	

		ബജറ്റ് എസ്റ്റിമേറ്റ് 2024-25
	ഹെഡ് ഓഫ് അക്കൌണ്ട്	23,33,000
	രാജീവ് ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി	
0 3	**സംസ്ഥാന സർക്കാരിൽ നിന്നുള്ള നോൺ പ്ലാൻ ഗ്രാന്റുകൾ**	
101	**ബ്ലോക്ക് ഗ്രാന്റുകൾ**	79,17,000
79	ജനറൽ പർപ്പസ് ഗ്രാന്റ്	29,76,000
80	മറ്റിനങ്ങൾ (ഗ്രാമ വികസന വാരം, തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾക്ക് ധനസഹായം മുതലായവ)(100 ദിനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് 1000/-രൂപ)	1,64,98,000
66	വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി	
0 4	**സംസ്ഥാന സർക്കാരിൽ നിന്നുള്ള പ്ലാൻ ഗ്രാന്റുകൾ**	
101	**ബ്ലോക്ക് ഗ്രാന്റുകൾ**	2,70,73,000
39	കാറ്റഗറി എ' ഫണ്ട് (ജനറൽ)	17,01,000
38	കാറ്റഗറി എ ഫണ്ട് (പ്രത്യേക ഘടക പദ്ധതി)	19,39,000
37	കാറ്റഗറി എ' ഫണ്ട് (പട്ടികവർഗ്ഗ ഉപപദ്ധതി)	1,18,65,000
36	കാറ്റഗറി എ' ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	
	ലൈഫ് ഭവന നിർമാണത്തിന് സംസ്ഥാന സർക്കാർ ധനസഹായം	
	ആകെ 1601	**44,04,45,000**

###	**സംസ്ഥാന സർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരങ്ങൾ അവകാശ കൈമാറ്റങ്ങളും**	
31	കെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	29,01,000
	കെയിന്റനൻസ് ഗ്രാന്റ് (റോഡ്)	
200	മറ്റ് പലവക നഷ്ടപരിഹാരങ്ങളും അവകാശ കൈമാറ്റങ്ങളും	
60	മറ്റിനങ്ങൾ	
	ആകെ 1604	**29,01,000**
	ആകെ ഗ്രാന്റ് ഇൻഎയ്ഡും കോൺട്രിബ്യൂഷനും	**44,33,46,000**
	വായ്പകളും മുൻകൂറുകളും	
##	ആഭ്യന്തര കടം	
800	**മറ്റ് വായ്പകൾ** - പദ്ധതികൾക്കുള്ള ബാങ്ക് വായ്പ	
	സുസ്ഥിര വരുമാന പദ്ധതിക്കുള്ള ബാങ്ക് ലോൺ (ഗുണഭോക്താക്കൾ നേരിട്ട് കൈപ്പറ്റുന്നത്)	
	ആകെ 6003	**44,33,46,000**
###	**കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും**	
800	**മറ്റ് വായ്പകൾ**	
	ആകെ 6004	**0**
	ആകെ വായ്പകളും മുൻകൂറുകളും	
	ആകെ ഭാഗം-1 പഞ്ചായത്ത് ഫണ്ട്	**44,53,80,500**

	ഹെഡ് ഓഫ് അക്കൌണ്ട്	ബജറ്റ് എസ്റ്റിമേറ്റ് 2024-25
	ഭാഗം-2 ദ്വണശീർഷ കണക്ക്	
800	**സിവിൽ നിക്ഷേപങ്ങൾ**	
103	സെക്യൂരിറ്റി നിക്ഷേപങ്ങൾ	10,00,000
89	നിരത ദ്രവ്യം	2,00,000
88	മറ്റ് സെക്യൂരിറ്റി നിക്ഷേപങ്ങൾ	
94	ഗുണഭോക്തൃ വിഹിതം	50,000
93	സംയോജിത പദ്ധതികൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ നിന്നുള്ള നിക്ഷേപങ്ങൾ (പി.എം.എ.വൈ. (ഗ്രാമീൺ) തുടങ്ങിയവ)	33,60,000
92	വർക്ക് ബില്ലുകളിൽ നിന്നുള്ള വസൂലാക്കൽ	
	01-ആദായ നികുതി	9,00,000
	02 - ജി.എസ്.ടി & സി.ജി.എസ്.ടി	18,00,000
	03 - നിർമ്മാണ തൊഴിലാളി ക്ഷേമ നിധി	9,00,000
108	പൊതുമരാമത്ത് നിക്ഷേപങ്ങൾ	
	ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന ബേബി ഫ്രണ്ട്ലി ടോയ്ലറ്റുകൾക്ക് ടി.എസ്.സി വിഹിതം	
	ആകെ 8443	**82,10,000**
	ആകെ നിക്ഷേപങ്ങളും മുൻകൂറുകളും	
61	**ആകെ ഭാഗം-2 ദ്വണശീർഷ കണക്ക്**	**82,10,000**
	ആകെ പഞ്ചായത്ത് ഫണ്ട് - ഭാഗം 1+2	**45,35,90,500**
	പ്രാരംഭ ബാക്കി	**1,87,80,619**
	ഒട്ടാകെ	**47,23,71,119**

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് എസ്റ്റിമേറ്റ് സംഗ്രഹം

വരവുകൾ

	ഹെഡ് ഓഫ് അക്കൗണ്ട്	ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024 - 25 (രൂപ)
	ഭാഗം - 1 പഞ്ചായത്ത് ഫണ്ട്	
0028 to 0045	റവന്യൂ അക്കൗണ്ട് വരവ് നികുതി വരവുകൾ	
0049 to 1055	റവന്യൂ അക്കൗണ്ട് വരവ് നികുതിയേതര വരവുകൾ	**20,34,500**
1601 to 1604	ഗ്രാന്റ് ഇൻ എയ്ഡും കോൺട്രിബ്യൂഷനും കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നുള്ള പ്ലാൻ ധനസഹായം	**44,33,46,000**
6003 to 6004	വായ്പകളും മുൻകൂറുകളും	
	ആകെ ഭാഗം - 1 പഞ്ചായത്ത് ഫണ്ട്	**44,53,80,500**
	ഭാഗം - 2 ഉത്പദിദ്ര ഫണ്ട്	
8443 to 8550	നിക്ഷേപങ്ങളും മുൻകൂറുകളും	82,10,000
	ആകെ ഭാഗം - 2 ഉത്പദിദ്ര ഫണ്ട്	
	പ്രാരംഭ ബാക്കി	**1,87,80,619**
	മൊത്തം (ഭാഗം1 + 2)	**47,23,71,119**

ചെലവുകൾ

ഹെഡ് ഓഫ് അക്കൗണ്ട്		എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
	ഭാഗം–1 . പഞ്ചായത്ത് ഫണ്ട്			
	റവന്യൂ അക്കൗണ്ട് – ചെലവ്			
2049	**പലിശ കൊടുക്കൽ**	0	0	0
200	മറ്റു ആഭ്യന്തര കടങ്ങളിന്മേലുള്ള പലിശ	0	0	0
	ആകെ 2049			
2059	**പൊതുകാര്യങ്ങൾ**			
01	ഓഫീസ് കെട്ടിടങ്ങൾ			
053	സംരക്ഷണവും അറ്റകുറ്റപ്പണികളും			
60	മറ്റ് കെട്ടിടങ്ങൾ			
53	സംരക്ഷണവും അറ്റകുറ്റപ്പണികളും		25000	
001	ഭരണവും നടത്തിപ്പും		25,000	
13	ഓഫീസ് ചെലവുകൾ		50,000	50,000
	ആകെ 2059			
2202	**പൊതു വിദ്യാഭ്യാസം**			
101	പ്രൈമറി സ്കൂളുകൾ		5,000	
800	മറ്റ് ചെലവുകൾ -			
04	വയോജനം			
103	ഗ്രാമീണ പ്രാഥമികാരോഗ്യ സംരക്ഷണ പദ്ധതി	1,00,000	1,10,000	
	ആകെ 2202	1,00,000	1,15,000	2,15,000
2204	**കായിക വിനോദവും യുവജന സേവനങ്ങളും**			
104	കായിക വിനോദവും കളികളും -	30,00,000		
	കേരളോത്സവം	1,50,000	1,00,000	
800	മറ്റ് ചെലവുകൾ			
	ആകെ 2204	31,50,000	1,00,000	32,50,000
2205	**കലയും സംസ്കാരവും**			

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
	കല്പ സാംസ്കാരിക പൊതുജനം(വൃദ്ധജനങ്ങൾ)	7,20,000		
105	പബ്ലിക് ലൈബ്രറികൾ	6,00,000		
99	പഞ്ചായത്ത് ലൈബ്രറികൾ			
800	മറ്റ് ചെലവുകൾ			
98	ലൈബ്രറികൾക്ക് സ്പെഷ്യൽ			
	ആകെ 2205	*13,20,000*		13,20,000
2210	മെഡിക്കൽ സഹായവും പൊതുജനാരോഗ്യവും			
03	ഗ്രാമ ആരോഗ്യ സേവനങ്ങൾ - അലോപ്പതി/ഡയാലിസിസ്	13,00,000		
110	ആശുപത്രികളും ഡിസ്പെൻസറികളും			
99	എസ്റ്റാബ്ലിഷ്മെന്റ്			
	വേതനം			
13	ഓഫീസ് ചെലവുകൾ	20,99,200		
21	സ്വയം സാമൂഹികൾ		5,00,000	
27	ചെറുകിട മരാമത്ത് പണികൾ(NABARD)		21,46,000	
800	മറ്റ് ചെലവുകൾ			
			3,54,000	
2215	ആകെ 2210	*33,99,200*	*30,00,000*	63,99,200
01	ശുദ്ധജല വിതരണവും ശുചീകരണവും			
102	ഗ്രാമീണ കുടിവെള്ള പദ്ധതി			
26	ചെറുകിട മരാമത്ത് പണികൾ	35,59,500	23,33,000	
800	മറ്റ് ചെലവുകൾ			
80	മറ്റിനങ്ങൾ			
02	മാലിന്യ നിർമാർജനവും ശുചീകരണവും		15,00,000	
105	ശുചീകരണ സേവനങ്ങൾ	26,59,500		
50	മറ്റ് ചെലവുകൾ		89,55,000	
2216	ആകെ 2215	*62,19,000*	*1,27,88,000*	*1,90,07,000*
	ഭവന നിർമ്മാണം (ലൈഫ്)	*58,00,000*	24,00,000	

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
03	ഗ്രാമ ഭവന നിർമ്മാണം			
010	ഭവന നിർമ്മാണം			
	ആകെ 2216	58,00,000	24,00,000	82,00,000
2225	പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ ഇവരുടെ ക്ഷേമം			
01	പട്ടികജാതിക്കാരുടെ ക്ഷേമം			
13	ഓഫീസ് ചെലവുകൾ			
14	വാടക, കരം, നികുതി			
277	വിദ്യാഭ്യാസം			
99	പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ			
98	പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മറ്റ് ആനുകൂല്യങ്ങൾ			
97	പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ			
283	ഭവന നിർമ്മാണം			
99	പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണം	12,00,000		
800	മറ്റു ചെലവുകൾ	5,01,000		
99	പരിശീലനം			
80	മറ്റിനങ്ങൾ			
02	പട്ടികവർഗ്ഗക്കാരുടെ ക്ഷേമം			
13	ഓഫീസ് ചെലവുകൾ			
99	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പാരമ്പര	6,00,000		
99	പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണം.	10,69,000		
80	മറ്റിനങ്ങൾ	2,70,000	5000	
	ആകെ 2225	36,40,000	5,000	36,45,000
2230	തൊഴിലും തൊഴിൽ സംരംഭങ്ങളും			
2	തൊഴിൽ സംരംഭങ്ങൾ/അടിസ്ഥാന സൗകര്യങ്ങൾ	16,00,000	2,500	
	ആകെ 2230	16,00,000	2,500	16,02,500
2235	സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും			
13	ഓഫീസ് ചെലവുകൾ		1,40,000	

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
101	വിലയാധാരമുള കേരം/തിന്നശേഷിക്കാർ	34,60,000	75,000	
104	വൃദ്ധരുടെയും കഴിവുകുറഞ്ഞവരുടെയും അഗതി കളുടെയും കേരം	6,50,000		
	. കുടുംബങ്ങൾ/	6,00,000	50,000	
	ആകെ 2235	*4710000*	*265000*	4975000
2236	പോഷകാഹാരം			
02	പോഷകാഹാരങ്ങളുടെയും, പാനീയങ്ങളുടെയും വിതരണം			
101	പ്രത്യേക പോഷകാഹാര പദ്ധതികൾ	10,00,000		
	ആകെ 2236	*10,00,000*		10,00,000
2401	ധാന്യ വിളകൾ			
1	തൈവും നടത്തിപ്പും			
99	എസ്റ്റാബ്ലിഷ്മെന്റ്			
13	ഓഫീസ് ചെലവുകൾ		20,000	
102	ധ്യാന്യ വിളകൾ	2,50,000		
99	നെൽകൃഷി വികസനം	3,60,000		
96	കേര വികസനം			
97	പച്ചക്കറി വികസനം	11,20,000		
	കാർഷിക ഉപകരണങ്ങൾ വിതരണം	1,50,000	75,000	
2402	ആകെ 2401	*1880000*	**95000**	1975000
102	മണ്ണ് സംരക്ഷണം			
800	മറ്റ് ചെലവുകൾ			
2403	ആകെ 2402			
104	മൃഗസംരക്ഷണം			
	ആടുവളർത്തൽ, കന്നിട്ടി ഉൽപാദന വികസനം			
2404	ആകെ 2403			
13	ക്ഷീര വ്യവസായ വികസനം			
102	ഓഫീസ് ചെലവുകൾ			
	ക്ഷീര വ്യവസായ വികസന പദ്ധതികൾ	40,00,000	70,000	

ഹെഡ് ഓഫ് അക്കൗണ്ട്		ഡെവിയേഷൻ സ്റ്റേറ്റ്മെന്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
800	മറ്റ് ചെലവുകൾ			
	ആകെ 2404	4000000	70000	4070000
2405	മത്സ്യ സമ്പത്ത്			
101	ഉൾനാടൻ മത്സ്യ വികസനം			
	ആകെ - 2405			
2406	വനവൽക്കരണവും വന്യജീവി സംരക്ഷണവും			
1	പദ്ധതികൾ			
	ആകെ - 2406			
2501	ഗ്രാമ വികസനത്തിനുള്ള പ്രത്യേക പരിപാടികൾ			
101	മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.		33,63,73,000	
	പി.എം.കെ.എസ്.വൈ.			
	തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ധനസഹായം(100 ദിനം പൂർത്തിയാക്കിയവർക്കുള്ള ധനസഹായം)		29,76,000	
	പി.എം.ജെ.വി.കെ		1,58,00,000	
800	മറ്റ് ചെലവുകൾ			
	ആകെ 2501		355149000	355149000
2505	ഗ്രാമീണ തൊഴിൽ			
1	ദേശീയ പരിപാടികൾ			
800	മറ്റ് ചെലവുകൾ			
	ആകെ 2505			
2515	മറ്റ് ഗ്രാമ വികസന പരിപാടികൾ			
01	ശമ്പളം			
101	പഞ്ചായത്ത് രാജ്			
99	പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഇവരുടെ ഓണറേറിയവും അലവൻസുകളും		3,73,200	
06	ഓണറേറിയം (സിറ്റിംഗ് ഫീ ഉൾപ്പെടെ		13,23,000	
11	യാത്രാ ചെലവുകൾ		1,50,000	
	മണ്ണാർക്കാട് പഞ്ചായത്ത് എസ്റ്റാബ്ലിഷ്മെന്റ്			

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
12	പ്രസിഡണ്ടിന്റെ ടെലഫോൺ അലവൻസ്		3,000	
13	ഓഫീസ് ചെലവുകൾ		6,00,000	
20	മറ്റ് തരം ചെലവുകൾ (/പദ്ധതി മൂല്യനിരൂപണം, മോണിറ്ററിംഗ് ഉൾപ്പെടെ)	1,50,000	12,00,000	
28	പ്രൊഫഷണൽ സേവനങ്ങൾ	44163	10,000	
97	പദ്ധതി സേവനങ്ങൾ			
20	മറ്റ് തരം ചെലവുകൾ		15,00,000	
21	സാധന സാമഗ്രികൾ	200000	7,00,000	
24	പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ്		7,00,000	
26	പരസ്യവും പ്രചാരണവും (പ്രചാരണ വസ്തുക്കളുടെ അച്ചടി തുടങ്ങിയവ -പബ്ലിക് ടി.വി./റേഡിയോ ഉൾപ്പെടെ)			
51	മോട്ടോർ വാഹനങ്ങൾ		5,00,000	
98	ശീർഷകങ്ങൾ സംബന്ധിച്ച ചെലവ്			
	ആകെ 2515	*394163*	*7059200*	7453363
2702	ചെറുകിട ജലസേചനം			
101	ജലസംഭരണികൾ			
02	മുഗർജലം			
103	കുഴൽ കിണറുകൾ			
	ആകെ 2702			
2801	വൈദ്യുതി			
80	മറ്റിനങ്ങൾ			
	ആകെ 2801			
2810	പാരമ്പര്യേതര ഊർജ്ജോത്പാദനസ്രോതസ്സുകൾ			
101	സൂര്യതാപോർജ്ജ പദ്ധതി			
	ആകെ 2810			
2851	ഗ്രാമ ചെറുകിട വ്യവസായങ്ങൾ			
101	വ്യവസായ എസ്റ്റേറ്റുകൾ			
102	ചെറുകിട വ്യവസായങ്ങൾ			
	ആകെ-2851			
3054	റോഡുകളും പാലങ്ങളും			

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
04	ജില്ലാതല റോഡുകളും മറ്റ് റോഡുകളും			
337	റോഡ് പണികൾ			
98	ഗ്രാമ റോഡുകൾ	44,65,637	3,89,68,800	
	ആകെ 3054	4465637	38968800	43434437
ആകെ ചെലവുകൾ (റവന്യൂ അക്കൗണ്ട്)		4,16,78,000	42,00,67,500	46,17,45,500

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് തുടരുന്ന വർഷം 2024-25(തുടരും)		
		പ്ലാൻ		തുടരും
102	ശമ്പളമേതര			
99	മറ്റുള്ളവ			
103	മെഡിക്കൽ ചെലവ്			
104	വൃദ്ധരുടെയും കിടപ്പിലായവരുടെയും ഇഗതികളുടെയും ക്ഷേമം			
	ആകെ 4235			
4401	ധാന്യവിളകൾ സംബന്ധിച്ച മൂലധന ചെലവ്			
800	മറ്റ് ചെലവുകൾ			
	ആകെ 4401			
4402	മണ്ണ് ജലസംരക്ഷണം സംബന്ധിച്ച മൂലധന ചെലവ്			
99	തോടു നിർമ്മാണം			
90	ജല സംരക്ഷണം			
	ആകെ 4402			
4515	മറ്റ് ഗ്രാമ വികസന പരിപാടികൾക്കുള്ള മൂലധനച്ചെലവ്			
800	മറ്റ് ചെലവുകൾ			
	ആകെ 4515			
4851	ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കുള്ള മൂലധനച്ചെലവ്			
102	ചെറുകിട വ്യവസായങ്ങൾ			
	ആകെ 4851			
4702	ചെറുകിട ജലസേചനം			
	ആകെ 4702			
5054	റോഡുകളും പാലങ്ങളും മൂലധനച്ചെലവ്			
	ആകെ 5054			
	ആകെ ചെലവ്- മൂലധനക്കണക്ക്	**9,00,000**		**9,00,000**
	വായ്പകളും മുൻകൂറുകളും			
6003	ആദ്യന്തര കടം			
800	മറ്റ് ചെലവുകൾ			
	ആകെ 6003			

ഹെഡ് ഓഫ് അക്കൗണ്ട്		ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം 2024-25(രൂപ)		
		പ്ലാൻ		ആകെ
6004	കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും			
2	പ്ലാൻ പദ്ധതികൾക്കുള്ള വായ്പകൾ			
	ആകെ 6003			
6004	കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും			
	ആകെ ഭാഗം-1 പഞ്ചായത്ത് ഫണ്ട്	**4,25,78,000**	**0**	
	ഭാഗം-2 ഉണശീർഷകങ്ങൾ			
8443	സിവിൽ നിക്ഷേപങ്ങൾ			
103	സെക്യൂരിറ്റി നിക്ഷേപങ്ങൾ		10,00,000	
89	നിരത ദ്രവ്യം			
88	മറ്റ് സെക്യൂരിറ്റി നിക്ഷേപങ്ങൾ		2,00,000	
94	ഗുണഭോക്തൃ വിഹിതം		50,000	
97	സംയോജിത പദ്ധതികൾക്ക് ചെലവ്		33,60,000	
92 (1)	ആദായ നികുതി			
(2)	ജി.എസ്.ടി & സി.ജി.എസ്.ടി		9,00,000	
(3)	നിർമ്മാണ തൊഴിലാളി ക്ഷേമ നിധി		18,00,000	
	ആകെ 8443		9,00,000	
	ആകെ നിക്ഷേപങ്ങൾ		**82,10,000**	
	മുൻകൂറുകൾ			
8550	സിവിൽ അഡ്വാൻസുകൾ			
99	നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസുകൾ			
97	സംയോജിത പദ്ധതികൾക്ക് മറ്റ് പഞ്ചായത്തുകൾക്കുള്ള അഡ്വാൻസുകൾ			
	ആകെ 8550			
	ആകെ ഭാഗം -2 ഉണശീർഷകങ്ങൾ			
	ആകെ ഭാഗം 1 + 2	**4,25,78,000**	**8210000**	8210000
			42,82,77,500	**47,08,55,500**

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് എസ്റ്റിമേറ്റ് സംഗ്രഹം

ചെലവുകൾ

	ഹെഡ് ഓഫ് അക്കൗണ്ട്	പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് രൂപ 2015 - 16	ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത വർഷം (രൂപ) 2024 - 25
	ഭാഗം - 1 പഞ്ചായത്ത് ഫണ്ട്		
2049 to 3055	റവന്യൂ അക്കൗണ്ട് ചെലവുകൾ	-	**46,17,45,500**
4059 to 5055	മൂലധന അക്കൗണ്ട് ചെലവുകൾ	-	**9,00,000**
6003 to 6004	വായ്പകളും മുൻകൂറുകളും	-	
	ആകെ ഭാഗം - 1 പഞ്ചായത്ത് ഫണ്ട്	-	**46,26,45,500**
	ഭാഗം - 2 ഉണ്ണിർഷ കണക്ക്		
8443 to 8550	നിക്ഷേപങ്ങളും മുൻകൂറുകളും	-	**82,10,000**
	ആകെ ഭാഗം - 1 , 2	-	**47,08,55,500**
	മിച്ചം	-	**15,15,619**
	ഒട്ടാകെ	-	**47,23,71,119**

ചെലവ് സംക്ഷിപ്തം

2024-25 വർഷത്തെ പ്രതീക്ഷിത ചെലവുകൾ

ക്രമ നം	തലവ	ചെലവ്
1	തദ്ദേശ സ്വയം ഭരണ വകുപ്പ്- എൽ എസ് ജി ഡി ഓഫീസ് ചെലവുകൾ	50,000/-
2	പൊതു വിദ്യാഭ്യാസ മേഖല	2,15,000/-
3	കായിക വിനോദവും യുവജനസേവനങ്ങൾക്കും	32,50,000/-
4	കലയും സംസ്കാരവും മേഖലയിൽ	13,20,000/-
5	വൈദ്യസഹായവും പൊതുജനാരോഗ്യവും	63,99,200/-
6	ശുദ്ധ ജല വിതരണവും ശുചികരണവും	1,90,07,000/-
7	ഭവന നിർമ്മാണ മേഖലയിൽ (ഇ) കേന്ദ്ര വിഹിതം	82,00,000/-
8	പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളും ക്ഷേമം	36,45,000/-
9	തൊഴിലും തൊഴിൽ സൌകര്യങ്ങളും	16,02,500/-
10	സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	49,75,000/-
11	പോഷകാഹാരം	10,00,000/-
12	കാർഷികമേഖലയിൽ	19,75,000/-
13	ക്ഷീര വ്യവസായ വികസനം	40,70,000/-
14	മഹാത്മഗാന്ധി എൻ ആർ ഇ ജി എസ് പദ്ധതി	33,63,73,000/-
15	തൊഴിലുറപ്പ് പദ്ധതി 100 ദിനം പൂർത്തിയാക്കിയവർക്കുള്ള ധനസഹായം	29,76,000/-
16	പി എം ജെ വികെ	1,58,00,000/-
17	ഹോണറേറിയം , മറ്റ് ബ്ലോക്ക് പഞ്ചായത്ത് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പദ്ധതിയിൽ വകയിരുത്തിയ തനത് ഫണ്ട് ഉൾപ്പെടെ	74,53,353/-
	ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം പദ്ധതി, MPLAD, വെള്ളപ്പൊക്കം ദുരിതാശ്വാസ പദ്ധതി ഉൾപ്പെടെ	4,34,34,437/-
18	ആകെ റവന്യൂ ചെലവുകൾ	46,17,45,500
19	മൂലധന ചെലവുകൾ	9,00,000/-
20	നിക്ഷേപത്തിൽ നിന്നും മുൻകൂറുകൾ നിന്നുള്ള ചെലവ്	82,10,000/-
21	ആകെ ചെലവുകൾ	47,08,55,500/-
	ആകെ വരവ്	47,23,71,119/-
	ആകെ ചെലവ്	47,08,55,500/-
	മിച്ചം	15,15,619/-

ബഹുമാന്യരെ,

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിനായി 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള വിവിധ മേഖലകളിൽ നിന്നുള്ള നികുതി, നികുതിയേതര വരുമാനങ്ങളും, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ഫണ്ടുകളും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, എം.പി, എം.എൽ.എ മാർ മുഖേന ലഭിക്കുന്ന ഫണ്ടുകളും പരിഗണിച്ചു കൊണ്ടാണ് ഈ ബഡ്ജറ്റ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. സംസ്ഥാനം ഇന്നോവരെ ആർജ്ജിച്ചിട്ടുള്ള സാമൂഹ്യ സാമ്പത്തിക വികസനത്തിന് കാരണമായ ഘടകങ്ങളെ ശക്തിപ്പെടുത്തുക, ഇതിന്റെ തുടർച്ച ഉറപ്പ് വരുത്തുക എന്നത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. അതിനായി പ്രകൃതി വിഭവങ്ങളെയും, മാനുഷിക വിഭവങ്ങളെയും കോർത്തിണക്കി കൊണ്ടാണ് ഭരണസമിതിക്കുവേണ്ടി 2024-2025 വർഷത്തെ ബഡ്ജറ്റ് കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചത്. ഈ അവസരത്തിൽ എല്ലാ ഭരണസമിതി അംഗങ്ങൾക്കും, നല്ല നിലയിൽ സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാ ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾക്കും, നിർവ്വഹണ ഉദ്യോഗസ്ഥർക്കും, ജീവനക്കാർക്കും നന്ദി അറിയിക്കുന്നു.

ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പൂർണ്ണ അർത്ഥത്തിൽ സാക്ഷാത്ക്കരിക്കുവാൻ നമുക്ക് ഒന്നിച്ച് പോരാടാം എന്ന് അഭ്യർത്ഥിച്ചു കൊണ്ട് 2024-2025 വർഷത്തെ വാർഷിക ബഡ്ജറ്റ് നിങ്ങളുടെ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീമതി. ഷൈറിന. പി
വൈസ് പ്രസിഡണ്ട്
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,
കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്